# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026
# ജി എൽ പി എസ്
# പനായി
# ബാലുശ്ശേരി ഉപജില്ല

## ആമുഖം

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നതാണല്ലോ.? ഈയൊരുലക്ഷ്യസാക്ഷാൽക്കാരത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ സ്ഥാപനത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആവശ്യമായി വരുന്നു

ഇതിൽ തന്നെ ഭാഷാ പ്രോജക്ടിന് പ്രഥമമായ സ്ഥാനമാണ് ഉള്ളത്. വായനയിലൂടെ മാത്രമേ അറിവിന്റെ ആഴങ്ങളിലേക്ക് എത്തി പ്രാഥമിക വിദ്യാഭ്യാസത്തിൻറെ പ്രധാന ലക്ഷ്യം കൈവരിക്കാൻ ഓരോ കുട്ടിക്കും കഴിയുകയുള്ളൂ. അതിന് അക്ഷരാഭ്യാസം കൂടിയേ തീരൂ. നിർഭാഗ്യകരം എന്ന് പറയട്ടെ അഞ്ചാം ക്ലാസിൽ എത്തിയിട്ടും അക്ഷരമുറക്കാത്ത കുട്ടികളാണ് ഏതാണ്ട് 20% ത്തോളം ഇതിൽ തന്നെ ചിഹ്നങ്ങൾ അറിയാത്തവരും അക്ഷരങ്ങൾ അറിയാത്തവരും അക്ഷരം മാറി പോകുന്നവരും എല്ലാമുണ്ട് ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തിലേക്ക് എത്താൻ ആദ്യപടിയായി കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസ കാലത്തുതന്നെ അക്ഷരം ഉറപ്പിക്കേണ്ടത് അത്യാവശ്യമാണ് അതുപോലെതന്നെ പ്രധാനമാണ് പരിസര പഠനവും പ്രകൃതിനിരീക്ഷണത്തിലൂടെ സ്നേഹം ദയ അനുകമ്പ അനുതാപം തുടങ്ങിയ ഗുണങ്ങൾ കുട്ടികളിൽ എത്തിക്കേണ്ടത് അത്യാവശ്യമാണ് ഇതിനുള്ള എളുപ്പ വഴി പ്രകൃതി പഠനമാണ് പ്രകൃതിയെ കുറിച്ചും അതിലെ ജീവജാലങ്ങളെ കുറിച്ചും

അറിഞ്ഞ ഒരു കുട്ടിക്ക് ഈ ഗുണങ്ങൾ തീർച്ചയായും ഉണ്ടാകും അപഗ്രഥന സ്വഭാവത്തോടെയും താല്പര്യത്തോടെയും ഗണിതം പഠിച്ചാൽ മാത്രമേ ഇതെല്ലാം സാധ്യമാവുകയുള്ളൂ .

ലക്ഷ്യം.

- അക്ഷരവുംചിഹ്നവും ഉറപ്പിച്ച് കുട്ടികളെ നല്ല വായനക്കാർ ആക്കി മാറ്റുക
- ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവ ഉപയോഗപ്രദമാക്കുക.
- രക്ഷിതാക്കളെ പഠന പ്രവർത്തനങ്ങളിൽ കുട്ടികളെ സഹായിക്കാൻ പ്രാപ്തരാക്കുക.
- കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകൾ കണ്ടെത്തി ഭാഷാവിഷ്കാരം പ്രകടമാക്കുക
- കഥാരചന കവിതാ രചന ശില്പശാലകൾ സംഘടിപ്പിച്ച് പ്രതിഭകളെ കണ്ടെത്തുക

- പ്രകൃതിയെ അറിയാനും നിരീക്ഷിക്കാനും കണ്ടു പഠിക്കാനുമുള്ള പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി കുട്ടികളെ പ്രകൃതി സ്നേഹികൾ ആക്കി മാറ്റുക

- ഗണിതത്തിൽ താല്പര്യം വളർത്താനുള്ള പ്രവർത്തനങ്ങൾ ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമാക്കുക

പ്രവർത്തന ക്രമം

ഓരോ ക്ലാസിലും ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അങ്ങനെ സ്കൂളിൻറെ തന്നെ ഒരു പട്ടിക ഉണ്ടാക്കുക എന്നതാണ് ഇതിലെ ആദ്യപടി. തുടർന്ന് ഒരു മാസം നീണ്ടു നിൽക്കുന്ന തുടർ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ അക്ഷരം ഉറപ്പിക്കുന്നു

മറ്റു വിഷയങ്ങളുടെ അധ്യയന സമയം നഷ്ടപ്പെടാതെ ഭാഷാപ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുന്നതിനായി പഠന രീതി ഓൺലൈനും ഓഫ് ലൈനും ചേർന്ന ബ്ലന്റഡഡ് രീതിയിലേക്ക് മാറ്റുന്നു. ഇതിനായി ഓരോ ക്ലാസിലെയും ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക്ലാസ് അധ്യാപകർ കണ്ടെത്തി അതിനായി രൂപീകരിച്ച വാട്സ്ആപ്പ് ഗ്രൂപ്പിൽ ചേർത്തുന്നു  അത്രയും കുട്ടികൾ ആ ക്ലാസ് അധ്യാപകന്റെ നിരീക്ഷണത്തിൽ ആയിരിക്കും നോട്ട് പരിശോധിക്കുന്നതും കുട്ടികൾ എല്ലാ ദിവസവും പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതും അതത് ക്ലാസ് അധ്യാപകരാണ്

ക്ലാസുകൾ നൽകുന്നത് വാട്സാപ്പിലൂടെ ആയിരിക്കും ദിവസവും അരമണിക്കൂർ ക്ലാസുകൾ നൽകും

ഒരാഴ്ചയ്ക്കുശേഷം പൊതുവായ വിലയിരുത്തൽ നടത്തുന്നു തുടർന്ന് ഏതെങ്കിലും ഒരു ദിവസം എടുത്ത് ഭാഷ ശില്പശാല സംഘടിപ്പിക്കുന്നു കുട്ടികളിൽ ആത്മവിശ്വാസം വളർത്താനും

ഒളിഞ്ഞു കിടക്കുന്ന കഴിവുകൾ കണ്ടെത്താനും ഇതുകൊണ്ട് സാധിക്കുന്നു

കുട്ടികളിൽ വായനാശീലം നടത്തുന്നതിനുവേണ്ടി ക്ലാസ് ലൈബ്രറികൾ സജീവമായി ഉപയോഗപ്പെടുത്തുന്നു കൂടാതെ പിറന്നാൾ പോലുള്ള വിശേഷ ദിവസങ്ങളിൽ കുട്ടികൾ സ്കൂളിലേക്ക് പുസ്തകം കൊണ്ടുവരുന്ന രീതി ഉറപ്പാക്കുന്നു. അടുത്തുള്ള വായനശാലയിൽ എല്ലാ കുട്ടികൾക്കും മെമ്പർഷിപ്പ് നൽകുന്നു വായനാദിനം ബഷീർ ദിനം തുടങ്ങിയ ദിവസങ്ങളിൽ വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ നൽകുന്നു

കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്തുന്നതിന് വേണ്ടി പ്രകൃതി നിരീക്ഷണം നടത്താൻ അനുയോജ്യമായ സ്ഥലങ്ങളിലേക്ക്  ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു ജീവികളുടെ ചിത്രങ്ങൾ വെച്ചുണ്ടാക്കിയ മുഖംമൂടികൾ ഉപയോഗിച്ചുള്ള കിറ്റുകൾ ചിത്രം വരയ്ക്കാൻ അറിയാവുന്നവർക്ക് പ്രകൃതിയിലെ ഏതെങ്കിലും സംഭവങ്ങളെ കുറിച്ചുള്ള ചിത്രങ്ങൾ സർഗാത്മക ഡയറിയിൽ പ്രകൃതിയുമായി ബന്ധപ്പെട്ട സംഭവങ്ങൾ വിവരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു

കുട്ടികളിൽ ഗണിതത്തോട് താല്പര്യം വളർത്തുന്നതിനു വേണ്ടി ചെറിയ ചെറിയ പസിലുകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു കൂടാതെ ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽ കൃത്യമായി ഉപയോഗിച്ചുകൊണ്ടുള്ള ഗണിത പഠനം ഉറപ്പാക്കുന്നു

പൊതുവിജ്ഞാനം വളർത്തുന്നതിന്വേണ്ടി ഓരോ ദിവസവും ഓരോ ചോദ്യം എന്ന രീതിയിൽ
കഴിഞ്ഞ വർഷത്തേതുപോലെ തന്നെ ക്ലാസ് ഗ്രൂപ്പുകളിൽ ക്ലാസ് അധ്യാപിക ചോദ്യം നൽകുന്നു കൂടാതെ ഓരോ ദിനവുമായി ബന്ധപ്പെട്ട പ്രശ്നോത്തരിയും നടത്തുന്നു ഓരോ മാസത്തിലും ഇതിൻറെ സ്കൂൾതല വിജയിയെ കണ്ടെത്താനുള്ള മത്സരങ്ങളും നടത്തുന്നു

തുടർന്ന് വർഷാവസാനം എല്ലാ ക്ലാസിലെയും കുട്ടികൾക്ക് വേണ്ടി ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുകയും സമ്മാനം നൽകുകയും ചെയ്യുന്നു

പ്രവർത്തന കലണ്ടർ

| കാലയളവ് സമയം | പ്രവർത്തനം | ചുമതല | ധന വിനിയോഗ സ്രോതസ്സ് |
| --- | --- | --- | --- |
| ജൂൺ ആദ്യവാരം | പ്രവേശനോത്സവം<br><br>രണ്ട് മൂന്ന് നാല് ക്ലാസിലെ ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു<br><br>പരിസ്ഥിതി ദിനാഘോഷം വൃക്ഷത്തൈ വിതരണം | ക്ലാസ് അധ്യാപകർ | |

| | | | |
|---|---|---|---|
| ജൂൺ രണ്ടാം വാരം | പിന്നോക്കാവസ്ഥയിൽ ഉള്ളവർക്ക് വേണ്ടി ഓൺലൈനായി ക്ലാസുകൾ സംഘടിപ്പിക്കുന്നു<br><br>ക്ലാസ് സ്ഥലത്തിൽ ലൈബ്രറി വിതരണം ചെയ്യുന്നു<br><br>വായനാവാരാചരണം<br>1. ലൈമബ്രറി മെമ്പർഷിപ്പ്<br>2. പാരായണ ത്സരം<br>3. ക്വിസ് മത്സരം<br>4. അമ്മമാർക്കായി പാരായണ മത്സരം<br><br>മാസാന്ത്യ ക്വിസ് സിപിടിഎ | എസ്.ആർ ജി കൺവീനർ<br><br>ക്ലാസ് അധ്യാപകർ | |
| ജൂലായ് ആദ്യവാരം | • പിടിഎ ജനറൽ ബോഡി<br>• ബഷീർ ദിനം | മലയാളം ക്ലബ്ബ് കൺവീന | പിടിഎ |

| | | | |
|---|---|---|---|
| | • ബഷീറിൻറെ പുസ്തകങ്ങളുടെ പ്രദർശനം<br>• ബഷീർ കഥാപാത്രങ്ങളെ പരിചയപ്പെടൽ | ർ<br><br>ഹെഡ്മാസ്റ്റർ എസ് ആർ ജി കൺവീനർ | |
| ജൂലൈ മൂന്നാം വാരം | 1. ചാന്ദ്രദിനം<br>2. ചിത്രപ്രദർശനം<br>3. ഡോക്യുമെൻററി | സയൻസ് ക്ലബ്ബ് കൺവീനർ | |
| ജൂലൈ മൂന്നാം വാരം | മഴയും മരവും പരിസരം നിരീക്ഷിക്കൽ | പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റി | |
| ആഗസ്റ്റ് ആദ്യവാരം | കഥാരചന ശില്പശാല | മലയാളം ക്ലബ്ബ് | പിടിഎ എസ് എസ് ജി |
| ആഗസ്റ്റ് രണ്ടാംവാരം | കവിത രചന ശിൽപ്പശാല | മലയാളം ക്ലബ്ബ് | പിടിഎ |
| ആഗസ്റ്റ് മൂന്നാം വാരം | പാരായണ മത്സരം ക്ലാസ് തലം സ്കൂൾ തലം<br>,<br>5. ക്വിസ്<br>• സിപിടിഎ | വിദ്യാരംഗം ക്ലബ്ബ് | പിടിഎ |

| | | | |
|---|---|---|---|
| | • സ്വാതന്ത്ര്യ ദിനാഘോഷം<br>• സ്കൂൾ തല ക്വിസ് വിജയികൾക്കുള്ള സമ്മാനദാനം<br><br>ആരോഗ്യ ബോധവൽക്കരണ ക്ലാസ് | | |
| ആഗസ്റ്റ് നാലാം വാരം | രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ<br><br>കർഷകദിനത്തോടനുബന്ധിച്ച് വയലൊരുക്കാം വിത്തു പാകാം<br><br>പരീക്ഷ മുന്നൊരുക്കങ്ങൾ | പ്രധാന അധ്യാപകൻ<br><br>പരിസ്ഥിതി ക്ലബ്ബ് | പിടിഎ<br><br>sRG കൺവീനർ |
| സെപ്റ്റംബർ ആദ്യവാരം | പാദ വാർഷിക പരീക്ഷ | പ്രധാന അധ്യാപകൻ ബി ആർ സി | |
| സെപ്റ്റംബർ മൂന്നാം വാരം | സി പി ടി എ കുട്ടികൾക്ക് ഒരു കൈത്താങ്ങ് | പ്രധാന അധ്യാപകൻ | |

| | | | |
|---|---|---|---|
| | ഒരുങ്ങാം മേളയ്ക്കായി വർക്ക് എക്സ്പീരിയൻസ് ശിൽപ്പശാല | സർജി കൺവീനർ | |
| ഒക്ടോബർ ആദ്യവാരം | നാടക കളരി | പിടിഎ എക്സിക്യൂട്ടീവ് | |
| നവംബർ ആദ്യവാരം | സഹവാസ ക്യാമ്പ് | പിടിഎ എക്സിക്യൂട്ടീവ് | |
| നവംബർ അവസാനവാരം | പരീക്ഷാ മുന്നൊരുക്കങ്ങൾ | ക്ലാസ് അധ്യാപകർ | |
| ഡിസംബർ ആദ്യവാരം | എൽ എസ് എസ് പരിശീലനം കുട്ടികളെ കണ്ടെത്തൽ | SRG.കൺവീനർ | |
| ഡിസംബർ അവസാനവാരം | എൻറെ കുട്ടിയെ എനിക്കറിയാം സി പി ടി എ ക്ലാസ് | ക്ലാസ് അധ്യാപകർ | |
| ജനുവരി ആദ്യവാരം | അധ്യാന യാത്ര | പിടിഎ | |
| ജനുവരി രണ്ടാം വാരം | സ്കൂൾതല കലാമേള ശാസ്ത്രമേള | പിടിഎ എം പി ടി എ | പിടിഎ |
| ഫെബ്രുവരി | CPTA | പിടിയെ | പിടിഎ |

| | | | |
|---|---|---|---|
| ഒന്നാം വാരം<br><br>ഫെബ്രുവരി രണ്ടാം വാരം | വാർഷികം<br><br><br>പിന്നോക്ക ക്കാർക്ക് ഒരു കൈത്താങ്ങ് | എസ് എം സി ക്ലാസ് അധ്യാപ കൻ | |
| മാർച്ച് ഒന്നാം വാരം | മെഗാ ക്വിസ് പഠനോത്സവം | പിടിഎ | ബി ആർ സി |

| problem | solution | Duration | |
|---|---|---|---|
| Defective pronounciation | • Audio video clippings on correct pronounciation.<br>• Classes on phonetics by experts.<br>• ICTfacilites<br>• Videoclippings | June - March | |
| Lack of communication skill | • Dramatisation of stories and poem<br>• Conducting english fest<br>• Formation of english club.<br>• English assembly | June - March | |
| Improve slow learners. | • TM and TLM addressing the slow pace learners.<br>• Special coaching for slow learners<br>• Special coaching classes using language experts. | June - March | |
| Improve reading and writing skills | • Introducing English library.<br>• English book exhibition.<br>• Classes on creative writing.<br>• Magazines created by children.<br>•Digital library | June - March | |

| | | | |
|---|---|---|---|
| | •Englishdiary | | |
| Insufficient vocabulary | • Word games<br>• spelling contests<br>• making cross word puzzles<br>• Dictionary making using the words of the text book. | June - March | |
| Deffective sentence pattern | • Making sentence cards.<br>• Using sentence cards in class room.<br>• Correct sentence structure with ICT facilities.(conversations)<br>• Publishing magazines in english. | | |